# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4198** | **12.11.2019 ൽ മറുപടിക്ക്**

## കുറ്ററ പനമ്പ് നെയ്ത്ത് കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ കുറ്ററ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ കുറ്ററ ക്രേന്ദ്രമായി പ്രവർത്തിച്ചുവരുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിന്റെ വികസനത്തിനായി ഉല്പാദനത്തിന് ആവശ്യമായ ഈറ്റ ശേഖരിച്ച് വിതരണം നടത്തിവരുന്നു. കൂടാതെ പനമ്പിന്റെ സംഭരണ വില 20% പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിവരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) കോർപ്പറേഷന്റെ അംഗീകൃത പരമ്പരാഗത ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതിയുടെ ഭാഗമായി 20% കൂലി വർദ്ധനവ് വരുത്തുകയും തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായുള്ള ഡി എ ആനുകൂല്യങ്ങളും നൽകി വരുന്നു. കൂടാതെ മെഡിക്കൽ ആനുകൂല്യങ്ങൾ, മരണാനന്തര ആനുകൂല്യങ്ങൾ, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള ആനുകൂല്യങ്ങൾ എന്നിവയും നൽകുന്നുണ്ട്. ഇതിനു പുറമേ ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുകയും ചെയ്തിട്ടുള്ളതാണ്. തൊഴിലാളികൾക്ക് സെന്ററുകളിൽ വന്നു പോകുന്നതിന് ബസ് കൂലി, ചായ മുതലായ ആനുകൂല്യങ്ങളും, ഓണത്തോട് അനുബന്ധിച്ച് ഇൻസെന്റീവ്, ബോണസ് എന്നീ ആനുകൂല്യങ്ങളും നൽകി വരുന്നു. ഈ ആനുകൂല്യങ്ങൾ എല്ലാം തന്നെ കുറ്ററ |

കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിലെ തൊഴിലാളികൾക്കും നൽകി വരുന്നു.

(സി) പനമ്പ് നെയ്ത്ത് വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(സി) 1.കോർപ്പറേഷന്റെ അംഗീകൃത പരമ്പരാഗത ഈറ്റ വെട്ട് , പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതിയുടെ ഭാഗമായി 20% കൂലി വർദ്ധനവ് വരുത്തുകയും തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായുള്ള ഡി എ ആനുകൂല്യങ്ങളും നൽകി വരുന്നു

2. പനമ്പിന്റെ സംഭരണ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

3. പനമ്പു നെയ്ത്തു തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ' വിജയമായതോടെ അവയുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.

4. ഈറ്റയിൽ നിന്നും അളി കീറി പനമ്പ് നെയ്യേണ്ടിവരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ മൂലം ഈ മേഖലയിൽ നിന്നും മാറി നിൽക്കുന്ന തൊഴിലാളികളെ തിരിച്ചു കൊണ്ടു വരുന്നതിനായി അത്തരക്കാർക്ക് ആവശ്യാനുസരണം പനമ്പു നെയ്യുവാൻ വേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അളി വിതരണ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതുവഴി അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കാനും കഴിയുന്നു.

Rcdhlch

സെക്ഷൻ ഓഫീസർ